# കഞ്ചാവ് വില്പനക്കാരൻ പിടിയിൽ

ആലുവയിലും പരിസര പ്രദേശങ്ങളിലും മോട്ടോർ സൈക്കിളിൽ സഞ്ചരിച്ച് കഞ്ചാവ് വില്പ്പന നടത്തി വന്ന ആൾ പിടിയിൽ.

സ്ഥിരമായി ആലുവയിലും പരിസരപ്രദേശങ്ങളിലും യുവാക്കൾക്ക് കഞ്ചാവ് വില്പ്പന നടത്തി വന്നിരുന്ന തൃശ്ശൂർ ജില്ല ചെന്ത്രാപ്പിന്നി ഭാഗത്ത് ചാമക്കാല കരയിൽ പുളിക്കൽ വീട്ടിൽ ശിവൻ മകൻ 23 വയസ്സുള്ള ഉച്ചാണ്ടി എന്ന് വിളിക്കുന്ന കിരൺ (നിലവിൽ കുന്നത്തേരിയിൽ വാടകക്ക് താമസം ആണ് ആലുവ പോലീസിൻെറ പിടിയിലായത്.

സ്റ്റേഷൻപരിധിയിൽ പെട്ട സ്ഥലങ്ങളിൽ ആലുവ എസ് ഐ ഫൈസലും പാർട്ടിയും സ്പെഷ്യൽ പട്രോളിങ് നടത്തുന്നതിനിടെ ആലുവ മുട്ടം മെട്രോ യാഡിന് സമീപം റോഡിൽ വച്ചാണ് പ്രതി പിടിയിലായത്.

അന്വേഷണ സംഘത്തിൽ ആലുവ SHO യെ കൂടാതെ, എസ് ഐ അബ്ദുൾ കാദർ, CPO മാരായ നവാബ്, ഷമീർ, എന്നിവരും ഉണ്ടായിരുന്നു. പ്രതി നിരന്തരം ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന ആളാണ് എന്ന് ആലുവ എസ് ഐ ഫൈസൽ അറിയിച്ചു

